ന്നണ്ടെന്നായിരുന്ന പിന്നെയൊരിക്കൽ അറിവായതു്. ഏതായാലും ശരിക്കുള്ള അദ്ദേഹത്തിൻെറ മേൽവിലാസം അറിയാൻ കഴിഞ്ഞില്ല. അതിനാൽ, ആഗ്രഹമുണ്ടായിട്ടും, അദ്ദേഹത്തിനു് ഒരു കത്തെഴുതാനും സാധിച്ചില്ല.

ഇപ്പോഴാകട്ടെ, ഏതു തപാൽശിപായിക്കും എത്താവുന്ന സ്ഥലത്തിനപ്പുറത്തേക്കു് അദ്ദേഹം പോയിക്കഴിഞ്ഞു.

ധീരനും സാഹസികനുമായ ഈ സ്വാതന്ത്ര്യഭടനു് ഈ വിനീത സുഹൃത്തിൻെറ ചരമാഭിവാദ്യങ്ങഠം!

# 81. വക്കം അബ്ദുൽഖാദർ

1942—ൽ, ഒക്ടോബറിലോ നവംബറിലോ, ഒരു ദിവസം രാവിലെ ഏതാണ്ടു് 11 മണിക്കു്, കോഴിക്കോട്ടു നഗരത്തിൽ വയനാടു് റോഡിലൂടെ ശ്രീ എസ്. കെ. പൊറ്റെക്കാട്ടൊരുമിച്ചു് ഞാൻ നടക്കുകയായിരുന്നു. മൃഗാസ്പത്രിയുടെ അടുത്തു ചെന്നപ്പോഠം ശ്രീ പൊററക്കാട്ടു് വലത്തു വശത്തുള്ള ചെമ്മൺപാതയിലേക്കു തിരിഞ്ഞു. 'നമുക്കു് മാപ്പിള റെവ്യൂവിലൊന്നു കയറുക' എന്നദ്ദേഹം പറഞ്ഞു. വഴിയുടെ വലത്തുഭാഗത്തുള്ള ചെറിയ ഇരുനിലപ്പീടികയുടെ മുകളിലുള്ള ഒററമുറിയാണു് 'മാപ്പിള റെവ്യൂ' എന്ന മാസികയുടെ ആപ്പീസ്. കുത്തനെയുള്ള കോണി കയറി ഞങ്ങഠം ചെന്നപ്പോഠം അവിടെ ഒരാളേ ഉണ്ടായിരുന്നുള്ളു. 'അബ്ദുറം ഖാദറെ എൻ. വി. അറിയില്ലേ?' എന്നു് എസ്. കെ. ഞങ്ങളെ പരസ്പരം പരിചയപ്പെടുത്തി. 'വ—വ—വ—വരൂ!' എന്നു് ഒരു ചെറിയ വിക്കലോടെ അബ്ദുറം ഖാദർ ഞങ്ങളെ സ്വാഗതം ചെയ്തു.

അബ്ദുറം ഖാദറിൻെറ ലേഖനങ്ങഠം അക്കാലത്തു്, അതിനു മുമ്പും, മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ധാരാളമായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. സമകാല പാശ്ചാത്യചിന്തകരുമായി ഞങ്ങളിൽ പലരും ആദ്യമായി പരിചയപ്പെട്ടതു് ഈ ലേഖനങ്ങളിലൂടെയാണു്. വെത്സ്, ഷാ, ജോഡ്, ബെർഗ്സോൺ, റസ്സൽ തുടങ്ങിയ പ്രശസ്തന്മാരുടെ കൃതികളിൽനിന്നുള്ള ഉദ്ധാരണങ്ങളുടെ മാലകളായിരുന്നു ഈ ലേഖനങ്ങളിൽ മിക്കതും. ഉദ്ധാരണങ്ങളുടെ സമൃദ്ധി നിമിത്തം ഈ ലേഖനങ്ങഠം എളുപ്പത്തിൽ ഓടിച്ചു വായിച്ചു പോകാവുന്നവയായിരുന്നില്ല. പല തവണ വായിച്ചു്, ചിന്തിച്ചു് ഉഠംക്കൊള്ളേണ്ടവയായിരുന്നഅവ. അത്ര അധ്വാനിക്കാൻ തയ്യാറല്ലാത്ത ചിലർ ബുഭുക്ഷുവായ ഒരു വായനക്കാരൻെറ മാനസികാജീർണത്തെ പ്രതിഫലിപ്പിക്കുന്നവയായി ആ ലേഖനങ്ങളെ അന്നു് ചിത്രീകരിച്ചിരുന്നു. എന്നാൽ, ആലോചിക്കാൻ തയ്യാറായവർക്കു് അവ ധാരാളമായി പുതിയ വെളിച്ചം പകർന്നു നൽകി. പുസ്തകങ്ങഠം, പ്രത്യേകിച്ചും വിജ്ഞാന പ്രധാനങ്ങളായവ, ഇന്നത്തെപ്പോലെ സുലഭങ്ങളായിരുന്നില്ല അന്നു് എന്നോർക്കണം. പേപ്പർബാക്കുകഠം അല്പാല്പമായി പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു. മുമ്പു് പേർ പറഞ്ഞവരെപ്പോലുള്ള ചിന്തകരുടെ കൃതികഠം വിലകൂടിയ, കട്ടിബയൻഡുള്ള പുസ്തകങ്ങളായേ പുറത്തു വന്നിരുന്നുള്ളു. മലബാർ പ്രദേശത്തു് ആകെ നോക്കിയാൽ കോഴിക്കോടു് മുനിസിപ്പൽ ലൈബ്രറിയിൽ മാത്രമായിരുന്നു ഇത്തരം പുസ്തകങ്ങഠം അന്നു ലഭിച്ചിരുന്നതു്. മേശപ്പുറത്തുള്ള തടിയൻ പുസ്തകങ്ങഠം ചൂണ്ടി ശ്രീ പൊറെറക്കാട്ടു് പറഞ്ഞു: 'അബ്ദുറം ഖാദർ മാത്രമേ ഇതൊക്കെ വായിക്കാറുള്ളു.'

വിഭിന്നങ്ങളായ വിജ്ഞാനമേഖലകളെ മനുഷ്യസമുദായത്തിന്റെ വികാസമെന്ന ഒരു ബിന്ദുവിൽ സമന്വയിച്ചതായിരുന്നുവല്ലോ മുമ്പു പറഞ്ഞ പാശ്ചാത്യചിന്തകന്മാരുടെ ഒരു മുഖ്യ സേവനം. മാനവചിന്തയുടെ വികാസമായിരുന്നു അബ്ദുൾ ഖാദറിനു് പ്രിയപ്പെട്ട വിഷയം. ചിന്തയുടെ ഭൗതികവും ആധ്യാത്മികവുമായ രണ്ടു വശങ്ങളിലും ഒരേ സമയം അദ്ദേഹം തല്പരനായിരുന്നു. പാശ്ചാത്യചിന്തകരിൽ ഏറ്റവുമധികം താല്പര്യം അദ്ദേഹത്തിനുണ്ടായിരുന്നതു് നാസ്തികനും യുക്തിവാദിയുമായ റസ്സലിനോടാണു് എന്നു തോന്നുന്നു. പൗരസ്ത്യചിന്തകരിൽ കവിയും രഹസ്യവാദിയുമായ മുഹമ്മദ് ഇഖ്ബാലാണു് അദ്ദേഹത്തെ കണക്കിലേറെ ആകർഷിച്ചിരുന്നതു്; ഒരുപക്ഷേ, ടാഗോറിനേക്കാളേറെ. ഇഖ്ബാലിനെപ്പററി പല ലേഖനങ്ങൾ എഴുതിയിട്ടുള്ളതിനു പുറമെ, ഇഖ്ബാലിന്റെ മുഖ്യ കൃതിയായ 'അസ്റാറേ ഖുദി', മുഴുവനില്ലെങ്കിൽ പല ഭാഗങ്ങളും, അദ്ദേഹം വിവർത്തനം ചെയ്തിട്ടുമുണ്ടു്. ഇസ്ലാമികചിന്തയെ ആധുനിക പാശ്ചാത്യ ദാർശനികചിന്തയുടെ വെളിച്ചത്തിൽ പുനഃപരിശോധിച്ച കാരണത്താലായിരിക്കാം ഇഖ്ബാൽ അദ്ദേഹത്തെ ആകർഷിച്ചതു്.

ഏതായാലും, ഇഖ്ബാലിലുള്ള താല്പര്യമാണു്, മിസ്റ്റിസിസത്തിലുള്ള താല്പര്യത്തിലൂടെ ശ്രീ ജി. ശങ്കരക്കുറുപ്പിന്റെ കവിതയിൽ അദ്ദേഹത്തിന്റെ താല്പര്യം ഉണർത്തിവിട്ടതു് എന്നതിൽ സംശയമില്ല. പിന്നീടു് ജ്ഞാനപീഠസമ്മാനം നേടുകവഴി ഇന്ത്യയുടെ മുഴുവൻ ശ്രദ്ധയാകർഷിച്ച ശ്രീ ശങ്കരക്കുറുപ്പിന്റെ കവിതയെ ഗൗരവബുദ്ധിയോടെ സമീപിച്ച ആദ്യത്തെ നിരൂപകൻ വക്കം അബ്ദുൾ ഖാദർ ആയിരുന്നു.

അതിനു ശേഷം അബ്ദുൾഖാദറിനെ ഞാൻ കണ്ടതു് 1946-ൽ തിരുവനന്തപുരത്തുവെച്ചാണു്. നടാടെ തിരുവനന്തപുരത്തു വന്ന എന്നെ അബ്ദുൾ ഖാദർ പബ്ലിക് ലൈബ്രറി കൊണ്ടുപോയി കാണിച്ചു. അദ്ദേഹത്തിന്റെ 'തിരുവനന്തപുരം' പബ്ലിക് ലൈബ്രറി ആയിരുന്നു! ജഗതിയിൽ പോയി മഹാകവി ഉള്ളൂരിനെ കാണണമ്പോൾ, എന്റെ ആഗ്രഹപ്രകാരം, അദ്ദേഹം എന്നെ അനുഗമിക്കുകയും ചെയ്തു. അന്നു് അദ്ദേഹം മാത്യു കുഴിവേലിയുടെ 'വിജ്ഞാനം' എന്ന എൻസൈക്ലോപ്പീഡിയയുടെ നിർമാണവുമായി ബന്ധപ്പെട്ടാണു് തിരുവനന്തപുരത്തു താമസിച്ചിരുന്നതു്.

ആധുനിക വിജ്ഞാനത്തിന്റെ എല്ലാ ശാഖകളും മലയാളഭാഷയിൽ സംക്രമിപ്പിക്കുകയെന്ന ഉദ്ദേശ്യം മുൻനിറുത്തി 1968-ൽ കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കപ്പെട്ടപ്പോൾ, അതിന്റെ ഗവേണിങ് ബോർഡിൽ അബ്ദുൾ ഖാദർ ഒരംഗമായിരുന്നതു് ഒരിക്കലും യാദൃച്ഛികമല്ല. ഗവേണിങ് ബോർഡിന്റെ പ്രഥമ യോഗംമുതൽ, 1976 ആഗസ്റ്റ് 23-ാം തീയതി അദ്ദേഹം അന്തരിക്കുംവരെ, അബ്ദുൾ ഖാദറുമായി വളരെ അടുത്തു് ഇടപെടാൻ ഇക്കാരണത്താൽ എനിക്കു സാധിച്ചു. ഇൻസ്റ്റിററ്യൂട്ടിന്റെ രൂപവും കർത്തവ്യവും എന്തായിരിക്കണമെന്നതു സംബന്ധിച്ചു് ഏതാനും ഉദ്യോഗസ്ഥന്മാർ ചേർന്നു തയ്യാറാക്കിയ രേഖകൾ ഗവേണിങ് ബോർഡിന്റെ മുമ്പിലുണ്ടായിരുന്നു. ഈ രൂപവും കർത്തവ്യവും അപര്യാപ്തമാണെന്നു കരുതി, തികച്ചും പുതിയ അടിസ്ഥാനത്തിലാണു് ഇൻസ്റ്റിററ്യൂട്ടിനെ വളർത്തിക്കൊണ്ടുവരികയുണ്ടായതു്. ഇൻസ്റ്റിററ്യൂട്ടിന്റെ ഇന്നത്തെ രൂപം അതിനു നൽകുന്നതിലും, അതിന്റെ കർത്തവ്യങ്ങൾ നിർവചിക്കുന്നതിലും പ്രവർത്തനപരിപാടിയും പ്രവർത്തനശൈലിയും നിർണയിക്കുന്നതിലും അവയ്ക്കു് സർക്കാർ തലത്തിൽ മാത്രമല്ല, പൊതുജനങ്ങൾക്കിടയിൽ കൂടി അംഗീകാരം ലഭ്യമാക്കുന്നതിലും, ആദ്യത്തെ ഗവേണിങ് ബോർഡിലെ അനുദ്യോഗസ്ഥാംഗങ്ങളായിരുന്ന കററിപ്പുഴ കൃഷ്ണപിള്ളയും വക്കം അബ്ദുൾ ഖാദറും നൽകിയ സംഭാവനകൾ ഏററവും വിലമതിക്കേണ്ടവ

യാണ്. ഈ 'സ്ഥാപകപിതാ'ക്കളോട് ഇൻസ്റ്റിററ്യൂട്ടിനുള്ള കടപ്പാട് എത്രയെന്നു പറയാനാവില്ല.

എന്റെ ജീവിതത്തിലെ ധന്യതകളിലൊന്നാണ് അബ്ദുറം ഖാദറുമായുള്ള സുദീർഘ സൗഹാർദം. എന്നോട് അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹത്തിനും വിശ്വാസത്തിനും തെളിവാണ് ആയുർവേദം, അലോപ്പതി മുതലായ ചികിത്സാസമ്പ്രദായങ്ങളിൽ വിശ്വാസമില്ലാതിരുന്നിട്ടും, തന്റെ രോഗത്തിന് ആയുർവേദ ചികിത്സ കുറെക്കാലമെങ്കിലും പരീക്ഷിച്ചു നോക്കാൻ അദ്ദേഹം സന്നദ്ധനായി എന്നതു്. അദ്ദേഹവും ഞാനും ഇൻസ്റ്റിററ്യൂട്ടിൽനിന്ന് വിട്ടശേഷവും, ഇടയ്ക്കിടെ എനിക്ക് അദ്ദേഹം കത്തെഴുതാറുണ്ടായിരുന്നു. ഞാൻ മധുരയിലായിരുന്ന കാലത്തും ഈ കത്തിടപാടു തുടർന്നിരുന്നു. സാഹിത്യ അക്കാദമി അദ്ദേഹത്തിനനുവദിച്ചിരുന്നതും, ചുകപ്പുനാടക്കെട്ടുകൾ കാരണം കിട്ടാൻ ഏറെ താമസിച്ചുപോയതുമായ പെൻഷൻ, മരിക്കുന്നതിനു മുമ്പ് അദ്ദേഹത്തിനു കിട്ടിയതിൽ എന്റെ എളിയ സേവനം ഉപയോഗപ്പെട്ടു എന്ന് സന്തോഷത്തോടെ ഞാൻ സ്മരിക്കുന്നു. അഭിമാനധനനായ അദ്ദേഹത്തിന്റെ സാമ്പത്തികപ്രയാസങ്ങളെപ്പററി മനസ്സിലാക്കിയ അപൂർവം ചിലരിൽ ഒരാളാണ് ഞാനും.

മനുഷ്യന്റെ മാനസികമായ വികാസത്തെ വിഷയീകരിച്ചുള്ള ഒരു മഹാഗ്രന്ഥത്തിന്റെ നിർമാണമായിരുന്നു അദ്ദേഹത്തിന്റെ ചിരകാല സ്വപ്നം. ഇതിന്റെ കൈയെഴുത്തുപ്രതി വായിച്ചുനോക്കണം എന്ന് എന്നോട് അദ്ദേഹം പലതവണ ആവശ്യപ്പെട്ടിരുന്നു. ഈ കൈയെഴുത്തുപ്രതി പൂർണമായിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരു മരണാനന്തര ബഹുമതിയെന്ന നിലയിലെങ്കിലും ഈ ഗ്രന്ഥത്തിന്റെ പ്രസാധനം സാഹിത്യ അക്കാദമിപോലുള്ള ഏതെങ്കിലും സ്ഥാപനം ഏറെറടുത്തു കാണാൻ ഞാൻ ആഗ്രഹിക്കുന്നു.

വിജ്ഞാനസമ്പാദനം ജീവിതവ്രതമായി കരുതിയ ഈ ധന്യാത്മാവിന് ഒരു വിനീത സുഹൃത്തിന്റെ സ്നേഹാദരനിർഭരങ്ങളായ അന്തിമ പ്രണാമങ്ങൾ!

## 82. സി. എച്ച്. കുഞ്ഞപ്പ

മലയാളത്തിൽ പത്രപ്രവർത്തനത്തിന് അന്തസ്സും ആദരണീയതയും അർത്ഥപുഷ്ടിയും നേടിക്കൊടുത്ത അപൂർവം ചില വിശിഷ്ട വ്യക്തികളിൽ ഒരാളായിരുന്നു ജൂലൈ 16-ന് 73-ാം വയസ്സിൽ നിര്യാതനായ ശ്രീ സി. എച്ച്. കുഞ്ഞപ്പ. നീണ്ട നാല്പത്തിരണ്ടു വർഷം അദ്ദേഹം അനന്യചിന്തയോടെ ഈ രംഗത്തു പ്രവർത്തിച്ചു. സാധന എന്നോ ഉപാസന എന്നോ വിളിക്കാവുന്ന വല്ലതുമുണ്ടെങ്കിൽ, ശ്രീ കുഞ്ഞപ്പയുടെ പത്രപ്രവർത്തനം അത്തരത്തിലുള്ള ഒന്നായിരുന്നു.

പത്രപ്രവർത്തനത്തിനു സ്വയം സമർപ്പിക്കുകവഴി ശ്രീ കുഞ്ഞപ്പ അനുഷ്ഠിച്ച ത്യാഗത്തെപ്പററി എന്നോട് ആദ്യമായി പറഞ്ഞതു്, എറണാകുളത്തു് മഹാരാജാസ് കോളേജിൽ അദ്ദേഹത്തിന്റെ അദ്ധ്യാപകനായിരുന്ന പരേതനായ പ്രൊഫസ്സർ പി. ശങ്കരൻ നമ്പ്യാരാണ്. ഇരുപത്തിമൂന്നാമത്തെ വയസ്സിൽ മാതൃഭൂമി സ്ഥാപനവുമായി സ്വന്തം ഭാഗധേയത്തെ എന്നേക്കുമായി ബന്ധപ്പെടുത്തുവാൻ ശ്രീ കുഞ്ഞപ്പ തീരുമാനിക്കുമ്പോൾ, സാമ്പത്തികഭദ്രത വാഗ്ദാനം ചെയ്യുന്ന ഒന്നായിരുന്നില്ല ഇന്ത്യയിലെ, വിശേഷിച്ചും കേരളത്തിലെ, പത്രപ്രവർത്തനം. നിശ്ചിതമായ പ്രവൃത്തിസമയ